## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 287 10/06/2013-ൽ മറുപടിക്ക്

### ആദിവാസി ഊരുകളിലെ ശിശുമരണങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | ഈ സർക്കാർ അധികാരമേറ്റ ശേഷം ആദിവാസികളുടെ ക്ഷേമത്തിനായി എന്തൊക്കെ കാര്യങ്ങൾ ചെയ്തു; ഈ ഇനത്തിൽ ഇതുവരെ എത്ര കോടി രൂപ ചെലവഴിച്ചു; | എ | ഈ സർക്കാർ അധികാരമേറ്റ ശേഷം ആദിവാസി ക്ഷേമത്തിനായി നടപ്പാക്കിയ പദ്ധതികൾ **അനുബന്ധം-I** ആയി ചേർത്തിരിക്കുന്നു. പട്ടികവർഗ വികസന വകുപ്പ് മുഖേന 2011-12 സാമ്പത്തികവർഷത്തിൽ 153.17 കോടി രൂപയും 2012-13 സാമ്പത്തികവർഷത്തിൽ 195 കോടി രൂപയും 2013-14ൽ 30/4/13 വരെ 6.13 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| ബി | ആദിവാസി ഊരുകളിൽ പട്ടിണിയും പോഷകാഹാരക്കുറവും മൂലമുള്ള ശിശുമരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി | പോഷകാഹാരക്കുറവും ജനിതവൈകല്യങ്ങളും കാരണം അട്ടപ്പാടിയിൽ ഉണ്ടായിട്ടുള്ള ശിശുമരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി | കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ഇത്തരത്തിൽ എത്ര കുട്ടികൾ മരണപ്പെട്ടു; | സി | 49 കുട്ടികൾ. |
| ഡി | ഇതിനെപ്പറ്റി അന്വേഷണമോ പഠനമോ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ റിപ്പോർട്ട് ലഭ്യമാക്കുമോ? | ഡി | ഉണ്ട്.<br>ആരോഗ്യ വകുപ്പ് അധികൃതർ നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് **അനുബന്ധം -II** ആയി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**